# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മെയ് 17**

---

## ഡ്രോൺ സാങ്കേതിക വിദ്യ; സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡ്രോൺ ഡ്രോൺ സാങ്കേതിക വിദ്യ ശാസ്ത്രീയമായി പരിശീലിപ്പിച്ച് ലൈസൻസ് ലഭ്യമാക്കുന്ന കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.ഐസ് റോമാട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്) മൂന്നു മാസവും ഒരു മാസവും ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നത്.

മലേഷ്യ ആസ്ഥാനമായുള്ള എസ്.ജി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ ഏഷ്യാ സോഫ്റ്റ് ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നടത്തുന്ന കോഴ്സിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്കാണ് അവസരം. പ്രായം 18നും 60നും മധ്യേ.

കൃഷി, ഡാറ്റാ പ്രോസസിംഗ്, ത്രീഡി ഇമേജിംഗ്, മൈനിംഗ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം, സിനിമ തുടങ്ങിയ മേഖലകളിൽ ഡ്രോണിന്റെ ഉപയോഗം, ഡ്രോൺ റേസിംഗ്, ഡ്രോൺ ഫ്ളൈറ്റ് പ്ലാനിംഗ് ആന്റ് ഓപ്പറേഷൻസ്, ഡ്രോൺ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും.

വിശദ വിവരങ്ങളും അപേക്ഷാ ഫോറവും https://ses.mgu.ac.in, https://asiasoftlab.in/ എന്നീ ലിങ്കുകളിൽ ലഭ്യമാണ്. മെയ് 25 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ- 7012147575 / 9446767451. ഇമെയിൽ-uavsesmgu@,email.com.

നാഷണൽ നാചറൽ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിനു കീഴിൽ ഐ.എസ്.ആർ.ഒയുടെ സഹകരണത്തോടെയാണ് സർവകലാശാലയിൽ ഡോ. ആർ സതീഷ് സെന്റർ പ്രവർത്തിക്കുന്നത്.

(പി.ആർ.ഒ/39/374/2024)

## പി.എച്ച്.ഡി കോഴ്സ് വർക്ക് ക്ലാസ്

മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ വിഷയങ്ങളുടെ പി.എച്ച്.ഡി കോഴ്സ് വർക്കിൻറെ ഭാഗമായ ഡിജിറ്റൽ ലിറ്ററസി പേപ്പറിൻറെ ഓഫ് ലൈൻ ക്ലാസുകൾ മെയ് 23,24, 29,30 തീയതികളിൽ രണ്ട് ബാച്ചുകളിലായി സർവകലാശാല ലൈബ്രറിയിൽ നടത്തും.

സർവകലാശാലയുടെ എല്ലാ ഗവേഷണ കേന്ദ്രങ്ങളിലും 2023 വർഷത്തെ അഡ്മിഷൻ ബാച്ചിലുള്ള ഗവേഷണ വിദ്യാർഥികൾക്ക് പങ്കെടുക്കാം. വിശദ വിവരങ്ങളും, രജിസ്ട്രേഷൻ ലിങ്കും, സർവകലാശാലാ ലൈബ്രറിയുടെ വെബ്സൈറ്റിൽ(ഹശയൃമ്യ്യ.ാഴൗ.മര.ശി) ലഭിക്കും. ഫോൺ- 9495161509, 8289896323.

(പി.ആർ.ഒ/39/375/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**